# ചോദ്യപേപ്പർ തെയ്യാറാക്കിയവർ

- മലയാളം - കൃഷ്ണൻകുട്ടി -ജി.എൽ.പിഎസ് തരിശ്
- കണക്ക്-നൂർജഹാൻ-ജി.എച്ച്.എസ് അഞ്ചച്ചവിടി
- പൊതുവിജ്ഞാനം–നൗഷാദ്.സി–ജി.യുപി.എസ് മാളിയേക്കൽ
- പരിസര പഠനം - അജോയ് -ജി.എൽ.പിഎസ് കൂരിപ്പൊയിൽ
- ഇംഗ്ലീഷ്-ഷൈജ.ഇജി.എൽ.പിഎസ് ചടങ്ങാംകുളം
- ചോദ്യപേപ്പർ വിശകലനം -ഹസീന എം-സി.ആർ.സി.സി വണ്ടൂർ ബി.ആർസി

## DTP & Page Settings

സവാദ് എൻ.കെ, അസൈനാർ

# എൽ.എസ്.എസ് മാതൃകാ പരീക്ഷ 2016

## ബി.ആർ.സി വണ്ടൂർ

### പേപ്പർ. 1 - പാർട്ട്. എ - മലയാളം

1) കുന്നക്കടവ് ഗവ:എൽ.പി.സ്കൂളിലെ സാമൂഹ്യ-ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ എൻഡോസൾഫാൻ ബാധിത മേഖലയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു. രോഗബാധിതരായ ആളുകൾ, അവരുടെ വീടുകൾ, പരിസര പ്രദേശങ്ങൾ, കൃഷിയിടങ്ങൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെല്ലാം സംഘം സന്ദർശനം നടത്തി. ഏറെ വേദനിപ്പിക്കുന്ന കാഴ്ചയായിരുന്നു എല്ലായിടത്തും. രോഗബാധിതരിൽ കൂടുതൽ കുട്ടികളായിരുന്നു. സങ്കടപ്പെടുത്തുന്ന, പേടിതോന്നുന്ന കാഴ്ചകൾ...ക്ലബ്ബ് ലീഡറായ ദിയക്ക് ഫീൽഡ് ട്രിപ്പ് കഴിഞ്ഞെത്തിയ ദിവസം വല്ലാത്ത സങ്കടം തോന്നി. തങ്ങളോടൊപ്പം ഓടിച്ചാടി നടക്കേണ്ടവർ, കളിക്കേണ്ടവർ, പഠിക്കേണ്ടവർ... അവർക്ക് ആവശ്യമായ സൗകര്യങ്ങളോ സഹായങ്ങളോ ചെയ്തു നൽകേണ്ടേ? എന്തൊക്കെ ചെയ്യാം. പിന്നീട് കുട്ടികളെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചായി അവളുടെ ചിന്ത.

പിറ്റേ ദിവസത്തെ സ്കൂൾ അസംബ്ലിയിൽ എൻഡോസൾഫാൻ ബാധിതരായ കുട്ടികൾക്കുവേണ്ടി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അവളൊരു മികച്ച പ്രസംഗം നടത്തി. ഇത് കുട്ടികൾക്കും അധ്യാപകർക്കും ഇക്കാര്യം വളരെ പ്രധാനപ്പെട്ടതും തീർച്ചയായും ചെയ്യേണ്ടതാണെന്നുമുള്ള തിരിച്ചറിവുണ്ടാക്കുന്ന ഒന്നായിരുന്നു ആ പ്രസംഗം.

1. ഫീൽഡ് ട്രിപ്പിന് പോയ കുട്ടികൾ എവിടെയെല്ലാമാണ് സന്ദർശനം നടത്തിയത് ?

ഉത്തരം — സ്കോർ - 1

2. ഫീൽഡ് ട്രിപ്പ് കഴിഞ്ഞെത്തിയ ദിയ എന്തിനെ കുറിച്ചോർത്താണ് സങ്കടപ്പെട്ടത് ?

ഉത്തരം — സ്കോർ - 1

3. ദിയയുടെ പ്രസംഗം എങ്ങിലെയുള്ളതായിരിക്കും നിങ്ങൾക്ക് എഴുതി നോക്കാമോ?

ഉത്തരം സ്കോർ - 3

2) കുന്നക്കടവ് ഗവ: എൽ.പി.സ്കൂളിലെ കുട്ടികളുടെ എൻഡോസൾഫാൻ ബാധിത മേഖലയിലെ സന്ദർശനവും കുട്ടികളെ സഹായിക്കാനുള്ള പ്രവർത്തനവും അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും പി.ടി.എ., എസ്.എം.സി. കമ്മിറ്റികളും പൂർവ്വ വിദ്യാർത്ഥികളും ഒറ്റക്കെട്ടായി ഏറ്റെടുത്ത് നടത്തി. സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ ചെറിയ കുട്ടികൾ പഠനത്തോടൊപ്പം നടത്തുന്ന ഇത്തരം സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനങ്ങളെ വാനോളം പുകഴ്ത്തി. പത്ര-ദൃശ്യ മാധ്യമങ്ങളെല്ലാം ഈ പരിപാടിക്ക് വലിയ പ്രചാരം നൽകി. ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ് തലവൻമാർ, അധ്യാപക രക്ഷാകർതൃസമിതി അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്ത് സഹായങ്ങൾ വിതരണം ചെയ്ത് സംസാരിച്ചു. പിറ്റേ ദിവസത്തെ പത്രങ്ങളിലെല്ലാം മുൻപേജിൽ വലിയ തലക്കെട്ടോടെ ഇതിന്റെ വാർത്തയും വന്നു.

1. എന്റോ സൾഫാൻ ബാധിതരെ സഹായിക്കുന്ന പരിപാടിയിൽ ആരൊക്കെയാണ് പങ്കെടുത്തത് ?

ഉത്തരം സ്കോർ - 1

2. കുന്നക്കാവ് സ്കൂളിലെ കുട്ടികളെ എന്തു പ്രവർത്തനത്തിന്റെ പേരിലാണ് എല്ലാവരും അഭിനന്ദിച്ചത് ?

ഉത്തരം സ്കോർ - 1

3. എങ്ങിനെയായിരിക്കും ആ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ടാവുക എഴുതി നോക്കൂ ?

ഉത്തരം സ്കോർ - 3

1) പനിമതി എന്ന വാക്ക് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിന്റെ പകരം പദമാണ്?

* നക്ഷത്രം
* ചന്ദ്രൻ
* സൂര്യൻ
* ആകാശം

ഉത്തരം സ്കോർ - 1

2) പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം
പേടിക്കാതങ്ങനെ നിന്നാളമ്മാ
കാറ്റിൻ ചുഴയിലായി ചെന്നു പൂതം
കുറ്റിക്കണക്കങ്ങ് നിന്നാളമ്മാ
ഇത് ആരുടെ വരികളാണ്

* ഉള്ളൂർ എസ്.പരമേശ്വരയ്യർ
* ഇടശ്ശേരി ഗോവിന്ദൻ നായർ
* കുഞ്ചൻനമ്പ്യാർ
* ചങ്ങമ്പുഴ കൃഷ്ണപിള്ള

ഉത്തരം [ ] സ്കോർ - 1

3) മലയാള മാസങ്ങളായ വൃശ്ചികം, ധനു, മകരം എന്നീ മാസങ്ങൾ ഏത് ഋതുവിലാണ് വരുന്നത്.

* ഗ്രീഷ്മം
* ശിശിരം
* വർഷം
* ഹേമന്തം

ഉത്തരം [ ] സ്കോർ - 1

4) "കേരളത്തിലെ പക്ഷികൾ" എന്ന പുസ്തകമെഴുതിയത് ഇന്ദുചൂഡൻ എന്ന പക്ഷിനിരീക്ഷകനാണ്. ഇദ്ദേഹത്തിന്റെ യഥാർത്ഥ പേര്?

* ഡോ.സലീം അലി
* കെ.കെ.നീലകണ്ഠൻ
* ഇ.ഹരികുമാർ
* പിണ്ടാണി എൻ.ബി.പിള്ള

ഉത്തരം [ ] സ്കോർ - 1

5) ചുറ്റോടുചുറ്റും മുള്ളുവേലി
അതിനകത്ത് ചള്ള് വേലി
അതിനകത്ത് പൊൻതവള
അതിനുള്ളിൽ വെള്ളാൻ കല്ല്
ഈ കടംകഥയുടെ ഉത്തരം?

* മാങ്ങ
* ചക്ക
* വാഴ
* പാവയ്ക്ക

ഉത്തരം [ ] സ്കോർ - 1

6) വടക്കൻ മാലബാറിലെ അനുഷ്ഠാന കലാ രൂപം ഏതാണ്?

* പടയണി
* തെയ്യം
* തുള്ളൽ
* പൂതം

ഉത്തരം [ ] സ്കോർ - 1

7) പൂത്തിരി കത്തിച്ച പാതിരാവും പിന്നെ
പൂത്തിരുവാതിര പൂനിലാവും
മഞ്ഞക്കുറിയിട്ട മൂവന്തിമാനവും
മഞ്ഞുപുതച്ച പുലരികളും
ഇതിൽ മൂവന്തിയെന്ന വാക്ക് ഏതുസമയത്തെ സൂചിപ്പിക്കുന്നു

* രാത്രി
* പ്രഭാതം
* സായാഹ്നം
* സന്ധ്യ

ഉത്തരം [ ] സ്കോർ - 1

8) നല്ലതല്ലൊരുവൻ ചെയ്ത
നല്ല കാര്യം മറപ്പത്
ആരുടേതാണ് ഈ മഹത്തായ വാക്കുകൾ

* പഴശ്ശിരാജ
* ചട്ടമ്പി സ്വാമികൾ
* ശ്രീനാരായണ ഗുരു
* കുമാരനാശാൻ

ഉത്തരം [ ] സ്കോർ - 1

9) ആരുടെ സഹായത്തോടെയാണ് വള്ളത്തോൾ കേരള കലാമണ്ഡലം സ്ഥാപിച്ചത്?

* സ്വാതി തിരുനാൾ
* മണക്കുളം മുകുന്ദരാജാവ്
* ശ്രീചിത്തിര തിരുനാൾ
* റാണി ലക്ഷ്മീഭായ്

ഉത്തരം [ ] സ്കോർ - 1

10) പഞ്ചവാദ്യത്തിലുൾപ്പെട്ട വാദ്യം പശുവിന്റെ വയറിനകത്തുള്ള നേരിയ ചർമ്മം കൊണ്ട് ഉണ്ടാക്കുന്നു. സപ്ത സ്വരങ്ങൾ നേരിട്ട് വായിക്കുന്നു. 64 കലകളെ സൂചിപ്പിക്കുന്ന 64 ചെണ്ടുകൾ തൂക്കിയിട്ടിരിക്കുന്നു. ഏതാണ് ഈ വാദ്യോപകരണം

* ഇടയ്ക്ക
* മൃദംഗം
* ചെണ്ട
* മദ്ദളം

ഉത്തരം [ ] സ്കോർ - 1

# LSS MODEL EXAMINATION-2016

# Paper – 1 ,part –B Engish

## BRC WANDOOR

I Answer the following.

a. I am an animal
I am known as the 'ship of disert'
I live in desert
Who am I ? (1 Score)

b. Choose the odd one
( Sunny, snowny,happy,cloudy) (1 Score)

c. Read the following poem and add more lines
white sheep white sheep
on a blue hill
when the wind stops
you all stand still.
…………………………..
……………………………..
……………………………….
……………………………… (3 Score)

II. a. Find out the meaning of the following proverbs from the brackets.
"Time and Tide wait for no man"
(Do not waist times, Do not waist water, Do not waist food)
(1 Score)

b. Find out the name of a bird from the following letters.
EPAOCCK (1 Score)

c. Describe your favourite bird. (3 Score)

# എൽ.എസ്.എസ് മാതൃകാ ചോദ്യ പേപ്പർ- 2016

## ബി.ആർ.സി വണ്ടൂർ

### പേപ്പർ-1-പാർട്ട്.സി - പൊതുവിജ്ഞാനം

1) 2016 വർഷത്തിന്റെ അന്താരാഷ്ട്ര പ്രധാന്യം എന്താണ് ?

**a)**മണ്ണ് വർഷം **b)** ജൈവവൈവിധ്യ വർഷം

**c)** പയർ വർഗ വർഷം **d)** ജലവർഷം

2) കേരളീയ നവോത്ഥാനത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നതാര് ?

**a)**ചട്ടമ്പി സ്വാമികൾ **b)**ശ്രീ നാരയണഗുരു

**c)** കെ.കേളപ്പൻ **d)** അയ്യങ്കാളി

3) സലിം അലി ഏത് മേഖലയിൽ പ്രശസ്തനാണ്

**a)**പക്ഷി നിരീക്ഷണം **b)** ബഹിരാകാശ പഠനം

**c)** ചിത്രകാരൻ **d)** സാഹിത്യകാരൻ

4) ഇന്ത്യയിലെ ആദ്യ സമ്പൂർണ ജൈവ സംസ്ഥാനം ?

**a)**ംകരളം **b)** ഗോവ

**c)** സിക്കിം **d)** നാഗലാന്റ്

5) 2015 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ആരാച്ചാർ നോവൽ എഴുതിയതാര് ?

**a)** സുഭാഷ് ചന്ദ്രൻ **b)** സാറാജോസഫ്

**c)** എം.ടി വാസുദേവൻ നായർ **d)** കെ.ആർ.മീര

6) താഴെ പറയുന്നവയിൽ ഏതാണ് ഗവൺമെന്റ് ഉടമസ്ഥയിലുള്ള മൊബൈൽ കമ്പനി ?

**a)**എയർടെൽ **b)** ബി.എസ് .എൻ.എൽ

**c)** ഐഡിയ **d)** വോഡഫോൺ

7) മനുഷ്യ ശരീരത്തിലെ ആകെ അസ്ഥികളുടെ എണ്ണം ?

**a)**206 **b)** 236 **c)** 305 **d)** 316

8) കേരളത്തിന്റെ സാംസ്കാരിക ഗീതമായ ജയജയ കോമള കേരള ധരണി എന്ന ഗീതം രചിച്ചതാര് ?

**a)** അംശി നാരായണ പിള്ള **b)** വള്ളത്തോൾ

**c)** കുമാരാശാൻ **d)** ബോധേശ്വരൻ

9) ദേശീയ വിദ്യാഭ്യാസ ദിനം എന്നാണ് ?

**a)**നവംബർ 11 **b)** സെപ്റ്റംബർ 5

**c)** ആഗസ്റ്റ് 28 **d)** ജനുവര് 15

10) മലയാള സിനിമയുടെ പിതാവായ ജെ.സി.ഡാനിയലിന്റെ ജീവിതത്തെ ആസ്പദമാക്കി പുറത്തിറങ്ങിയ സിനിമ ?

**a)** ഒരാൾപൊക്കം **b)**സെല്ലുലോയ്ഡ്

**c)** വർഷം **d)** ഞാൻ

# LSS മാതൃകാ പരീക്ഷ-2016

പേപ്പർ-2 പാർട്ട്-A (പരിസര പഠനം)

**വിശദമായി ഉത്തരം എഴുതേ വ**

1)

a) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒന്നിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

1) ഉപ്പ് സത്യാഗ്രഹം
2) ജാലിയൻ വാലബാഗ് സംഭവം
3) മലബാർ കലാപം
4) ക്വിറ്റ് ഇന്ത്യാ സമരം

( സ്കോർ -3 )

b) അനുയോജ്യമായവ തമ്മിൽ വരച്ച് യോജിപ്പിക്കുക.

| | |
|---|---|
| വരിക വരിക സഹജരെ | ഗാന്ധിജി |
| സ്വാതന്ത്രം എന്റെ ജന്മവകാശമാണ് | സുഭാഷ് ചന്ദ്ര ബോസ് |
| എന്റെ ജീവിതമാണ് എന്റെ സന്ദേശം | അംശി നാരയണപിള്ള |
| നിങ്ങൾ എനിക്ക് രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്രം തരാം | ബാലഗംഗാധര തിലകൻ |

(സ്കോർ -2 )

2) a) ബലൂൺ, ബക്കറ്റ് ,വെള്ളം ഗ്ലാസ്സ് ,കർച്ചീഫ് ,കുപ്പി, റബർബാന്റ് ഇവയിൽ ആവശ്യമായ വസ്തുക്കൾ ഉപയോഗിച്ച് വായുവിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ് എന്ന് തെളിയ്ക്കുന്നതിനുള്ള ഒരു പരീക്ഷണം എഴുതുക.

(സ്കോർ -3)

b)

1. ജലത്തിന്റെ വാതക രൂപം ഏതാണ് ?

2. മെഴുകുതിരി കത്തുമ്പോൾ ഉണ്ടാകുന്ന അവസ്ഥ മാറ്റം താഴെ പറയുന്നതിൽ ഏതാണ്?

[ a ) ദ്രാവകം മാത്രമായി മാറുന്നു.b).ഖരം ദ്രാവകമായി വീണ്ടും

ഖരാവസ്ഥയിലേക്ക്, c) ഖരം വാതകമായി മാറുന്നു ,d) ദ്രാവകം ഖരമായി മാറുന്നു.

(സ്കോർ - 1 +1= 2)

3) തിരുവാതിരക്കളി ,മാർഗംകളി, ഒപ്പന, എന്നീ 3 കലാരൂപങ്ങൾ തമ്മിൽ കണ്ടെത്താവുന്ന വ്യത്യാസങ്ങളും സാമ്യങ്ങളും എഴുതുക.

| സാമ്യങ്ങൾ | വ്യത്യാസങ്ങൾ |
|---|---|
| # | |

(സ്കോർ -3)

b ) താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ / പേരുകൾ ചില കലാരൂപങ്ങളുമായി ബന്ധപ്പെട്ടതാണ്.കലാ രൂപങ്ങൾ കണ്ടെത്തൂ.

1. കേളി -
2. മിഴാവ് -
3. മോയിൻകുട്ടി വൈദ്യാർ-
4. രാജാ രവിവർമ്മ-

(സ്കോർ -2 )

4.a) ഓന്തിനെ പിടിക്കാൻ പരുന്തിനും പിടിയിൽ പെടാതെ നോക്കാൻ ഓന്തിനും പ്രത്യേക കഴിവുകൾ ഉണ്ട് എന്നത് കൗതുകകരമായ കാര്യം. എന്തൊക്കെയാണ് ആ പ്രത്യേകതകൾ ?

| ഓന്ത് | പരുന്ത് |
|---|---|
| | |

(സ്കോർ - 3

4. b)

1. രണ്ട് ഉഭയ ജീവികളുടെ പേര് എഴുതുക .

| 1. | 2. |
|---|---|

2. പരസ്പരം ആശ്രയിക്കുന്ന ജീവിയ അജീവിയ ഘടകങ്ങളുടെ കൂട്ടത്തെ പറയുന്ന പേര്?

| |
|---|
| |

L.S.S പരീക്ഷ

പേപ്പർ 2

പാർട്ട് ബി( ഗണിതം)

വിശദമായി ഉത്തരം എഴുതേണ്ടവ

1. റിപ്പബ്ലിക്ക് ദിന അസംബ്ലിയിലേക്ക് വിദ്യാർത്ഥികൾ ക്ലാസടിസ്ഥാനത്തിലാണ് എത്തിയത് ക്ലാസ്സിനേക്കാൾ. ജി.കെ. 6 കുട്ടികളും ഒന്നാം ക്ലാസുകാരെക്കാൾ 4 കുട്ടികളും കൂടുതലായിരുന്നു രണ്ടാം ക്ലാസിലെ കുട്ടികൾ എന്നാല് നാലാം ക്ലാസിലെ കുട്ടികൾ മൂന്നാം ക്ലാസ്സുകാരെക്കാൾ 5 കൂടുതലും രണ്ടാം ക്ലാസ്സുകാർ മൂന്നാം ക്ലാസുകാരെക്കാൾ 2 കുട്ടികൾ കുറവുമായിരുന്നു. മൂന്നാം ക്ലാസിലെ കുട്ടികൾ 42 പേരാണെങ്കിൽ

a.മറ്റു ക്ലാസിലെ കുട്ടികൾ എത്ര?

K.G ക്ലാസിലെ കുട്ടികൾ

ഒന്നാം ക്ലാസിലെ കുട്ടികൾ

രണ്ടാം ക്ലാസിലെ കുട്ടികൾ

മൂന്നാം ക്ലാസിലെ കുട്ടികൾ

നാലാം ക്ലാസിലെ കുട്ടികൾ

b. ആകെ കുട്ടികൾ എത്ര?

c.മൊത്തം കുട്ടികളെ 8 പേരുള്ള വരികളിലാക്കി നിർത്തിയപ്പോൾ ഒരു വരി പൂർത്തിയായില്ല.പൂ ർത്തിയാകാത്ത വരിയിൽ എത്ര ു ?പേരുണ്ട്

d.പൂർത്തിയായ വരികളുടെ എണ്ണമത്ര ?

2. റിപ്പബ്ലിക്ക് ഡെ പരേഡിനു ശേഷം ഹെൽത്ത് ഹൈജിൻ ക്ലബിന്റെ നേതൃത്വത്തിൽ സ്കൂളിലെ 195 കുട്ടികളെ 5 തുല്യ ഗ്രൂപ്പുകളാക്കിത്തിരിച്ച് സ്കൂളിനു ചുറ്റുമുള്ള 5 റോഡുകൾ ശുചീകരിക്കാൻ തിരുമാനിച്ചു ഒന്നാം . ഗ്രൂപ്പ് കുന്നുമ്മൽ റോഡിൽ നിന്നും കളപ്പാട് വരെയുള്ള 370 മീറ്ററും രണ്ടാം ഗ്രൂപ്പ് അവിടെ നിന്നും മധുമലയിലേക്ക് 630 മീറ്റർ റോഡും മൂന്നാം ഗ്രൂപ്പ് ഏത്തക്കരയിലേക്കുള്ള 440 മീറ്റർ റോഡും നാലമത്തെ ഗ്രൂപ്പ് പള്ളിക്കരയിലേക്കുള്ള 720 മീറ്റർ റോഡും അഞ്ചാംമത്തെ ഗ്രൂപ്പ് കീപ്പടയിലേക്കുള്ള 850 മീറ്റർ റോഡും ശൂചികരിച്ചു.

a.ആകെ ശുചീകരിച്ച റോഡ് എത്ര മീറ്റർ ?

b. ഇത് എത്ര കിലോമീറ്റർ ആണ് ?

c.ഓരോ ഗ്രൂപ്പിലേയും കുട്ടികളുടെ എണ്ണമെത്ര ?

d.ശുചികരണ പട്ടികയിൽ ഏർപ്പെട്ട 1, 2, 3 ഗ്രൂപ്പുകാർക്ക് ഒരാൾക്ക് 12 രൂപയും 4,5 ഗ്രൂപ്പിന് ഒരാൾക്ക് 17 രൂപയും ചെലവ് വന്നു. ഓരോ ഗ്രൂപ്പിനും ഭക്ഷണയിനത്തിൽ ആകെ എത്ര രൂപ ചിലവായി?

1, 2, 3 ഗ്രൂപ്പുകാർക്ക് ഭക്ഷണയിനത്തിൽ ആകെ എത്ര രൂപ ചിലവായി?

4,5 ഗ്രൂപ്പുകാർക്ക് ഭക്ഷണയിനത്തിൽ ആകെ എത്ര രൂപ ചിലവായി?

**ഹ്രസ്വമായി ഉത്തരം എഴുതേണ്ടവ (ഗണിതം)**

(സ്കോർ-10×1=10)

1. ഈ വർഷത്തെ റിപ്പബ്ലിക്ക് ഡെ ചൊവ്വാഴ്ചയാണങ്കിൽ 2017 ലെ റിപ്പബ്ലിക്ക് ഡെ ഏതു ദിവസമായിരിക്കും ?
( ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി)

ഉത്തരം -

2. റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് 7 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള സ്റ്റേജ് അലങ്കരിക്കാൻ തീരുമാനിച്ചു .സ്റ്റേജിന്റെ ചുറ്റളവ് എത്ര?

ഉത്തരം-

3. സ്റ്റേജ് അലങ്കരിക്കാൻ 4 നിറങ്ങളിലുള്ള തോരണങ്ങളാണ് ഉപയോഗിച്ചത്. 4 ന്റെ അര ഭാഗമാണ് വെള്ള തോരണമെങ്കിൽ അതെത്രയായിരിക്കും?


ഉത്തരം-

4. റിപ്പബ്ലിക്ക് ഡെ സന്ദേശം 8.30 Am തുടങ്ങി ചടങ്ങുകൾ 2 മണിക്കൂറും 56 മിനിട്ടും നീണ്ടു നിന്നു .അപ്പോൾ സമയമെത്രയായെന്നെഴുതൂ - .........

ഉത്തരം-



5. പെയിൻ & പാലിയേറ്റീവിന് വേണ്ടി ഓരോ ക്ലാസിലേയും കുട്ടികൾ സമാഹരിച്ച തുക ഇപ്രകാരമാണ് .




ഏറ്റവും കൂടുതൽ ശേഖരിച്ച ക്ലാസ്സ് ഏതാണ്?

6. കുട്ടികൾ സമാഹരിച്ച തുക ബന്ധപ്പെട്ടവർക്ക് ചടങ്ങിൽ വെച്ച് MLA കൈമാറി.


| ................ഒന്നുകൾ | ⇦ | 9076 | ⇨ | ................നൂറുകൾ |
|---|---|---|---|---|

7.കുട്ടികൾ ശേഖരിച്ച തുകയുടെ നാലിരട്ടി MLA ഫണ്ടിൽ നിന്ന് നൽകാമെന്ന് MLA ഉറപ്പു നൽകി .ആ തുക അക്ഷരത്തിലെഴുതി നോക്കൂ....




8. മെട്രിക് ക്യാമ്പിൽ മികച്ച നിലവാരം പുലർത്തിയ അനിലിനുള്ള കാഷ് അവാർഡ് അസംബ്ലിയിൽ വിതരണം ചെയ്തു .തുകയിൽ നിന്ന് 11 2 കുറച്ച് 1 കൂട്ടിയാൽ കിട്ടുന്നത് 345 ആണെങ്കിൽ അവാർഡ് തുകയെത്ര?

9. സഹപാഠിയ്ക്ക് 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം കുട്ടികൾ നിർമ്മിച്ചു നൽകിയ വീടിന്റെ തക്കോൽ ദാനചടങ്ങ് നിർവ്വഹിക്കാൻ പോകുന്നു. തന്നിരിക്കുന്നവയിൽ നിന്നും 801 ÷ 9 രേഖപ്പെടുത്തിയ താക്കോലിന്റെ പൂട്ട് കണ്ടെത്താൻ MLA യെ സഹായിക്കൂ .




ഉത്തരം-



10. അസംബ്ലിയിൽ ലഡു വിതരണം നടക്കുന്നു .10 പേർക്ക് ലഡു തുല്യമായി വീതിച്ചപ്പോൾ 8 എണ്ണം ബാക്കി വന്നു. ബാക്കി ലഡു 5 പേർക്ക് തുല്യമായി വീതിച്ചാൽ എത്ര എണ്ണം ബാക്കി വരും ?

# ANSWER KEY

## പേപ്പർ-1 പാർട്ട്- A (മലയാളം)

(1) 1. രോഗബാധിതരായ ആളുകൾ ,അവരുടെ വീടുകൾ,പരിസരപ്രദേശങ്ങൾ ,കൃഷിയിടങ്ങൾ,വിദ്യാലയങ്ങൾ,

2. സങ്കടപ്പെടുത്തുന്ന ,പേടി തോന്നുന്ന കാഴ്ചകൾ കണ്ടതോർത്ത്

3.പ്രസംഗം

- തുടക്കം,തുടർച്ച,അവസാനം-1
- ഭാഷാ പ്രയോഗങ്ങൾ -1
- ഉള്ളടക്കം -1

(ആകെ 3 മാർക്ക് )

(2) 1.ജനപ്രതിനിധികൾ ,വിദ്യാഭ്യാസ വകുപ്പു തലവൻമാർ,അധ്യാപക രക്ഷാകർതൃ സമിതി അംഗങ്ങൾ.

2.ചെറിയകുട്ടികൾ പഠനത്തോട പ്പം നടത്തുന്ന സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനതിന്റെ പേരിൽ

3.വാർത്ത

- ശീർഷകം -1
- വിശദാംശങ്ങൾ -1
- വാക്യഘടന -1

(ആകെ 3 മാർക്ക് )

ഹ്രസ്വമായി ഉത്തരമെഴുതേണ്ടവ

1.ചന്ദ്രൻ

2.ഇടശ്ശേരി ഗോവിന്ദൻ നായർ

3.ഹേമന്തം

4.കെ.കെ നീലകണ്ഠൻ

5.ചക്ക

6.തെയ്യം

7.സന്ധ്യ

8.ശ്രീനാരായണ ഗുരു

9.മണക്കുളം മുകുന്ദരാജാവ്

10.ഇടയ്ക്ക

# Scoring Indicators-English

I. a. Camel

(1 Score)

b. happy (1 Score)

c. Adding lines

Thematic grid

(1 Score)

Structural grid

(1 Score)

Rhythm

(1 Score)

# Answers-GK

| ചോദ്യം | ഉത്തര സൂചിക |
|---|---|
| 1 | C |
| 2 | B |
| 3 | A |
| 4 | C |
| 5 | D |
| 6 | B |
| 7 | A |
| 8 | D |
| 9 | A |
| 10 | B |

ഉത്തര സൂചിക - പരിസര പഠനം

1) a- സമരത്തിന്റെ പ്രധാന്യം വ്യക്തമാക്കുന്ന (വർഷം ,ദിവസം ,മുദ്രവാക്യം,പ്രധാന നേതാക്കൾ )

അഞ്ചുവാചകങ്ങൾ - 3 മാർക്ക് ,

31 വാചകങ്ങൾ-1

2 വാചകങ്ങൾ-2

b-

| | |
|---|---|
| വരിക വരിക സഹജരെ | അംശി നാരയണപിള്ള |
| സ്വാതന്ത്രം എന്റെ ജന്മവകാശമാണ് | ബാലഗംഗാധര തിലകൻ |
| എന്റെ ജീവിതമാണ്<br>എന്റെ സന്ദേശം | ഗാന്ധിജി |
| നിങ്ങൾ എനിക്ക് രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്രം തരാം | സുഭാഷ് ചന്ദ്ര ബോസ് |

2 .a-തലക്കെട്ട്

സാമഗ്രികൾ

കണ്ടത്തലുകൾ

നിഗമനം

b-1.നിരാവി

2. ഖരം ദ്രാവകമായി വീണ്ടും ഖരാവസ്ഥയിലേക്ക്

3.സാമ്യ വ്യത്യാസങ്ങൾ രണ്ടണം വീതം ശരിയാക്കിയാൽ - 3 മാർക്ക്

3.b-കേളി - കഥകളി

മിഴാവ്- ചാക്യാർകൂത്ത്

മോയിൻകുട്ടി വൈദ്യാർ- മാപ്പിളപ്പാട്ട്
രാജാ രവിവർമ്മ- ചിത്ര രചന

4.a-ഓരോന്നിന്റേയും പ്രത്യേകതകൾ രണ്ടെണം ശരിയാക്കിയാൽ -3 മാർക്ക്

b-രണ്ടെണം ശരിയാക്കിയാൽ -2 മാർക്ക്

2.ആവാസ വ്യവസ്ഥ

<u>Scoring key -Maths</u>

1) a.K.G ക്ലാസിലെ കുട്ടികൾ - 34

ഒന്നാം ക്ലാസിലെ കുട്ടികൾ - 36

രണ്ടാം ക്ലാസിലെ കുട്ടികൾ - 40

മൂന്നാം ക്ലാസിലെ കുട്ടികൾ - 42

നാലാം ക്ലാസിലെ കുട്ടികൾ - 47

b. ആകെ കുട്ടികൾ എത്ര?-199

c. 7

d.പൂർത്തിയായ വരികളുടെ എണ്ണമത്ര ? -24

**2) a.3010 m**

**b.3 k.m 10 m**

**c.39**

**d.1404**

**e.1326**

<u>ഹ്രസ്വമായി ഉത്തരം എഴുതേണ്ടവ (ഗണിതം)</u>

1- വ്യാഴം

2-.26

3- 2

4-11.26 am

5- ക്ലാസ്സ്-3

6- 76 ഒന്നുകൾ 90 നൂറുകൾ

7-മുപ്പത്തി ആറായിരത്തി മുന്നൂറ്റിനാല്

8-456

9-89

10-ബാക്കി 3